**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 414** **28-06-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഗ്യാരണ്ടി നൽകി എടുക്കുന്ന വായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . സണ്ണി ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ഗ്യാരണ്ടി നൽകി വായ്പ എടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | 2003-ലെ കേരളഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ആക്ട് 2(ബി) പ്രകാരം സർക്കാർ ഗ്യാരണ്ടി, സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ അധികാര സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ, കോർപ്പറേഷനുകൾ സഹകരണ സ്ഥാപനങ്ങൾ എന്നിവക്ക് വേണ്ടിയാണ് നൽകുന്നത്.<br><br>പ്രസ്തുത ആക്ട് പ്രകാരം ഏതെങ്കിലും സ്വകാര്യ വ്യക്തിയുടെയോ, സ്ഥാപനത്തിന്റെയോ അല്ലെങ്കിൽ കമ്പനിയുടെയോ വായ്പ സംബന്ധിച്ച് യാതൊരു ഗവൺമെന്റ് ഗ്യാരണ്ടിയും നൽകുന്നതല്ല. കൂടാതെ സർക്കാർ ഏറ്റവും കുറഞ്ഞത് പ്രതിവർഷം 0.75 ശതമാനം ഗ്യാരണ്ടി കമ്മിഷനായി ചുമത്തേണ്ടതും അത് യാതൊരു സാഹചര്യത്തിലും വേണ്ടെന്നു വക്കാൻ പാടില്ലാത്തതുമാണ്.<br><br>2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് പ്രകാരം 01/04/2018 മുതൽ സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, അതതു സാമ്പത്തിക വർഷത്തേക്ക് കണക്കാക്കുന്ന സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ അഞ്ച് ശതമാനമാണ് നിലവിലെ ഗ്യാരണ്ടി പരിധി. |
| (ബി) | കിഫ്ബി, കെ.എസ്.എസ്.പി. ലിമിറ്റഡ് എന്നിവയുടെ വായ്പകൾ സംസ്ഥാനത്തിന്റെ പൊതു കടത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര ധനകാര്യ കമ്മീഷൻ കടമെടുപ്പ് പരിധിയിൽ നിയന്ത്രണം ഏർപ്പെടുത്തിയത് സിൽവർ ലൈൻ പദ്ധതിക്കായി വിദേശ വായ്പാ ഏജൻസികളിൽ നിന്നും | (ബി) | സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 3.5 ശതമാനമാണ് നടപ്പ് വർഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ഇതിനു പുറമെ നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഊർജ്ജ മേഖലയിൽ കൈവരിക്കുന്ന നേട്ടങ്ങൾക്കായി 0.5 ശതമാനം അധിക വായ്പാ |

| | | | |
|---|---|---|---|
| | കടമെടുക്കുന്നതിനെ ബാധിക്കുമോ; വിശദാംശം നൽകുമോ; | | പരിധിയും ലഭിക്കുന്നതാണ്. കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ച നൽകുന്ന ജി.എസ്.ഡി.പി അടിസ്ഥാനമാക്കിയുള്ള വായ്പാ പരിധിക്കുള്ളിൽ നിന്നു കൊണ്ടു മാത്രമേ സംസ്ഥാന സർക്കാരിന് കടമെടുക്കാൻ കഴിയുകയുള്ളൂ. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ കിഫ്ബി, കെ.എസ്.എസ്.പി.എൽ തുടങ്ങിയവ മുൻ വർഷങ്ങളിൽ സ്വന്തം നിലയ്ക്കെടുത്തിട്ടുള്ള വായ്പകൾ സംസ്ഥാന സർക്കാരിന്റെ Off Budget Borrowing ആയി കണക്കാക്കി ഈ വർഷത്തെ കടമെടുപ്പിൽ നിന്നും കുറയ്ക്കണം എന്ന നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനം കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുള്ളതും കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുള്ളതുമാണ്. |
| (സി) | വിദേശ വായ്പാ ഏജൻസികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന സർക്കാരിന്റെ ഗ്യാരണ്ടിയോടുകൂടി കെ-റെയിൽ പോലെയുള്ള സ്ഥാപനങ്ങൾ നേരിട്ട് സമാഹരിക്കുന്ന വായ്പയുടെ ബാധ്യത ഏതൊക്കെ സാഹചര്യങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ബാധ്യതയായി മാറുമെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 3.5 ശതമാനമാണ് നടപ്പ് വർഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ഇതിനു പുറമെ നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഊർജ്ജ മേഖലയിൽ കൈവരിക്കുന്ന നേട്ടങ്ങൾക്കായി 0.5 ശതമാനം അധിക വായ്പാ പരിധിയും ലഭിക്കുന്നതാണ്. കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ച നൽകുന്ന ജി.എസ്.ഡി.പി അടിസ്ഥാനമാക്കിയുള്ള വായ്പാ പരിധിക്കുള്ളിൽ നിന്നു കൊണ്ടു മാത്രമേ സംസ്ഥാന സർക്കാരിന് കടമെടുക്കാൻ കഴിയുകയുള്ളൂ. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ കിഫ്ബി, കെ.എസ്.എസ്.പി.എൽ തുടങ്ങിയവ മുൻ വർഷങ്ങളിൽ സ്വന്തം നിലയ്ക്കെടുത്തിട്ടുള്ള വായ്പകൾ സംസ്ഥാന സർക്കാരിന്റെ Off Budget Borrowing ആയി കണക്കാക്കി ഈ വർഷത്തെ കടമെടുപ്പിൽ നിന്നും കുറയ്ക്കണം എന്ന നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനം കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുള്ളതും കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ